ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിലൂടെയും പട്ടികവർഗ്ഗ സ്ത്രീകൾക്ക് പരിശീലനം നൽകുന്നുണ്ട്.

വിദ്യാലയങ്ങൾക്ക് എൻ. ഒ. സി. നൽകൽ

21 [243] ഡോ. തോമസ് ഐസക്:
ശ്രീ. പിരപ്പൻകോട് മുരളി:
,, മത്തായി ചാക്കോ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗൺസിൽ ഫോർ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ, കൗൺസിൽ ഫോർ ഐ. എസ്. സി. എക്സാമിനേഷൻ എന്നിവയിൽ അഫിലിയേറ്റ് ചെയ്യുന്നതിന് വിദ്യാലയങ്ങൾക്ക് എൻ.ഒ.സി. നൽകുന്ന കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂളുകൾക്ക് അഫിലിയേഷനുവേണ്ടിയുള്ള എൻ.ഒ.സി. നൽകുമ്പോൾ ഈ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ;

(സി) 2001-ന് ശേഷം എത്ര സ്കൂളുകൾക്ക് അഫിലിയേഷനുള്ള എൻ.ഒ.സി. നൽകിയിട്ടുണ്ട്; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. സെൻട്രൽ ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 12-1-1988-ലെ ജി. ഒ. (എം എസ്.) 18/88/പൊ. വി. ഉത്തരവിൽ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഉണ്ട്.

(സി) 2001 മുതൽ ആകെ 361 സ്കൂളുകൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 108 സ്കൂളുകൾക്ക് അഫിലിയേഷനായി എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ എണ്ണം

22 [1424] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പ്രീമെട്രിക് ഹോസ്റ്റലുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly